(ബി) ഉണ്ട്.

എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ ആകെ എണ്ണം	- 6802
പട്ടികജാതി വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകരുടെ എണ്ണം	- 49 (0.72%)
പട്ടിക വർഗ്ഗത്തിൽപ്പെട്ട അദ്ധ്യാപകരുടെ എണ്ണം	- 5(0.07%)
അനദ്ധ്യാപകരുടെ എണ്ണം	- 3574
പട്ടികജാതി വിഭാഗത്തിൽപ്പെട്ട അനദ്ധ്യാപകരുടെ എണ്ണം	- 39 (1.09%)
പട്ടികവർഗ്ഗത്തിൽപ്പെട്ട അനദ്ധ്യാപകരുടെ എണ്ണം	- 6 (0.16%)
എയ്ഡഡ് സ്കൂളുകളിലെ പട്ടികജാതിക്കാരായ അദ്ധ്യാപകരുടെ എണ്ണം	- 380 (0.38%)
എയ്ഡഡ് സ്കൂളുകളിലെ പട്ടികജാതിക്കാരായ അനദ്ധ്യാപകരുടെ എണ്ണം	- 165 (2%)

(സി) എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളിൽ എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് സംവരണം നൽകണമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിലും, ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റിലും മാറ്റം വരുത്തേണ്ടതുണ്ട്. ഈ വിഷയത്തിൽ എയ്ഡഡ് കോളേജ് മാനേജർമാരുമായി വീണ്ടും ചർച്ച നടത്തേണ്ടതുണ്ട്. പ്രസ്തുത നടപടിക്രമങ്ങൾ സ്വീകരിച്ച് ഹൈക്കോടതി വിധി സമയപരിധിക്കുള്ളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക-അനദ്ധ്യാപക നിയമനത്തിൽ സംവരണം അനുവദിക്കുവാൻ നിലവിൽ കെ.ഇ.ആർ.-ൽ വ്യവസ്ഥയില്ല. അതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

വിദ്യാർത്ഥികളിൽ കരിയർ അവബോധം

5 (*245) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികളിൽ കരിയറിനെക്കുറിച്ച് അവബോധം വളർത്തുന്നതിനും പ്രാഥമിക പരിശീലനം നൽകുന്നതിനും ഉദ്ദേശിച്ച് ഹയർ സെക്കൻഡറി തലത്തിൽ നടപ്പാക്കുന്ന പദ്ധതിയുടെ വിശദവിവരം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതൊക്കെ മേഖലകളെയാണ് പ്രസ്തുത പദ്ധതിയിലൂടെ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ; എല്ലാ വിദ്യാർത്ഥികളെയും തെരഞ്ഞെടുപ്പിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ഹയർ സെക്കണ്ടറി വിദ്യാർത്ഥികളിൽ കരിയറിനെകുറിച്ച് അവബോധം വളർത്തുന്നതിനും പ്രാഥമിക പരിശീലനം നൽകുന്നതിനും വ്യത്യസ്ത പരിപാടികൾ ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് നടത്തിവരുന്നു.

സംസ്ഥാനത്തെ 1070 സ്കൂളുകളിലാണ് കരിയർ ഗൈഡൻസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. പരിശീലനം സിദ്ധിച്ച ഒരു അദ്ധ്യാപകനോ അദ്ധ്യാപികയോ വിദ്യാർത്ഥികൾക്ക് കരിയർ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം നൽകുന്നതിന് കരിയർ ഗൈഡായി ചുമതലപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾ പഠിക്കുന്ന അതത് വിഷയത്തിലെ തൊഴിൽ പഠന സാധ്യതകളെക്കുറിച്ച് ക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്.

സിവിൽ സർവ്വീസ് മേഖലയിൽ താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് സംസ്ഥാന സിവിൽ സർവ്വീസ് അക്കാഡമിയുമായി സഹകരിച്ച് സിവിൽ സർവ്വീസ് പരിക്ഷയെക്കുറിച്ചുള്ള മാർഗ്ഗ നിർദ്ദേശ ക്ലാസ്സുകൾ സംസ്ഥാനത്തെ ഏഴു കേന്ദ്രങ്ങളിൽ വച്ച് സംഘടിപ്പിച്ചിരുന്നു. പ്ലസ് ടു കഴിഞ്ഞ് ഓരോ വിഷയത്തിലുള്ള വിവിധ തൊഴിൽ പഠന സാധ്യതകളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ഉപകരിക്കത്തക്ക രീതിയിൽ ഒരു കൈപ്പുസ്തകം ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. പുസ്തകത്തിന്റെ സോഫ്റ്റ് കോപ്പി ഹയർ സെക്കണ്ടറിയുടെ പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. പുസ്തകം അച്ചടിച്ച ശേഷം ഓരോ സ്കൂളിനും സൗജന്യമായി നൽകുവാൻ ഉദ്ദേശിക്കുന്നു.

ഡിസൈനിംഗിൽ താൽപര്യമുള്ള വിദ്യാർത്ഥികൾക്കായി ഡിസൈനിംഗ് മേഖലയിലെ തൊഴിൽ പഠന സാധ്യതകളെക്കുറിച്ച് പ്രത്യേക പരിപാടി സംഘടിപ്പിച്ചിരുന്നു. അഭിരുചി പരീക്ഷയിലൂടെ തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് നാലു ദിവസത്തെ സംസ്ഥാനതല ശിൽപ്പശാല നടത്തി. തുടർന്ന് അഹമ്മദാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിംഗിൽ 5 ദിവസത്തെ പരിപാടിയിൽ വിദ്യാർത്ഥികൾക്ക് പങ്കെടുക്കുവാൻ അവസരം ഉറപ്പാക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുട്ടികൾ പഠിക്കുന്ന അതത് വിഷയങ്ങളിലെ തൊഴിൽ പഠന സാധ്യതകളെക്കുറിച്ചും സിവിൽ സർവ്വീസ് പരീക്ഷയെക്കുറിച്ചുമാണ് വിദ്യാർത്ഥികൾക്ക് 2014-15 വർഷത്തിൽ പരിചയപ്പെടുത്തിയിട്ടുള്ളത്.

(സി) സ്കൂൾ തലത്തിൽ അധ്യാപകർ തെരഞ്ഞെടുക്കുന്ന മികവുറ്റ വിദ്യാർത്ഥികളെ ജില്ലാ തലത്തിൽ സ്ക്രീനിംഗ് ടെസ്റ്റ് നടത്തിയാണ് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലന പരിപാടിയിലേക്ക് തെരഞ്ഞെടുത്തത്. സംസ്ഥാന സിവിൽ സർവ്വീസ് അക്കാഡമിയാണ് ജില്ലാതല പരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറാക്കിയത്. സ്കൂൾതല പരിപാടികൾക്ക് സ്കൂളിലെ എല്ലാ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തുന്നു.

കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം

6 (*246) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. എം. എ. ബേബി :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) സർവ്വകലാശാലയിൽ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്ന നടപടി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് എന്നത്തേക്ക് പൂർത്തിയാകുമെന്ന് അറിയിക്കാമോ ;

(സി) അഫിലിയേഷൻ പൂർത്തിയാകുമ്പോൾ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ സർവ്വകലാശാലയ്ക്ക് കീഴിൽ വരുമെന്ന് വ്യക്തമാക്കാമോ ;

(ഡി) എഞ്ചിനീയറിംഗ് കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഇ) നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്നതും നിലവാരം കുറഞ്ഞതുമായ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അഫിലിയേഷൻ നൽകാനുദ്ദേശിക്കുന്നുണ്ടോ ; ഇതു സംബന്ധിച്ച നയം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly